പതിമൂന്നാം കേരള നിയമസഭ
ആറാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1064 — 13.12.2012ൽ മറുപടിയ്ക്ക്

## മലയാള സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.കെ.ശിവദാസൻ നായർ,<br>ശ്രീ.പി.എ.മാധവൻ,<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് മലയാള സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | എ | ഉണ്ട്. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും കേരള സംസ്കാരത്തിന്റെയും പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛന്റെ നാമധേയത്തിൽ സംസ്ഥാനത്ത് ഒരു സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ ഔദ്യോഗിക ഉദ്ഘാടനം നവംബർ 1ന് നടത്തി, പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ബി | ഭാഷയുടെയും സംസ്കാരത്തിന്റെയും സൂക്ഷ്മതലങ്ങൾ വിശദമായി പഠിക്കുവാനും ഗവേഷണം നടത്തുന്നതിനും സർവ്വകലാശാല പ്രത്യേക ഊന്നൽ നൽകുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി | മലയാള സാഹിത്യത്തെപ്പറ്റി മറ്റ് യൂണിവേഴ്സിറ്റികളിൽ നടക്കുന്ന പരമ്പരാഗത പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായി, ആഴമേറിയ പഠനത്തിന് ഉതകുന്ന പുതിയൊരു പഠന ബോധന സമീപനമാണ് വിഭാവന ചെയ്തിരിക്കുന്നത്. സാഹിത്യകോശത്തിന് കീഴിൽ സാഹിത്യ പഠനാലയം, താരതമ്യ സാഹിത്യ പഠനാലയം, പരിഭാഷാ പഠനാലയം എന്നിവ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| സി | നടപ്പ് സാമ്പത്തിക വർഷം സർവ്വകലാശാലയുടെ | സി | 50 ലക്ഷം രൂപ. |

| | | | |
|---|---|---|---|
| | പ്രവർത്തനത്തിന് എത്ര തുക അനുവദിച്ചു ; | | |
| ഡി | സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും എന്തെല്ലാം സൌകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; | ഡി | ആദ്യവർഷം 360 വിദ്യാർത്ഥികൾക്കും 30 ഗവേഷണ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ഉണ്ടായിരിക്കും. പ്രത്യേക വിഷയങ്ങളിലുള്ള വിദഗ്ദ്ധ പഠനത്തിനും പ്രഭാഷണത്തിനുമായി ചെയറുകൾ സ്ഥാപിക്കുക, എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുക, സ്കോളർഷിപ്പുകൾ സ്ഥാപിക്കുവാൻ വ്യക്തികളെയും ട്രസ്റ്റുകളെയും സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുക, വിശിഷ്ടാദ്ധ്യാപകരെ Writers in Residence എന്നീ പരിപാടികളിൽ ഉൾപ്പെടുത്തി കേരളത്തിനകത്തും പുറത്തും വിദേശത്തുമുള്ള പ്രധാനപ്പെട്ട എഴുത്തുകാർക്കും പണ്ഡിതർക്കും കാലാകാരന്മാർക്കും പ്രൊഫസർമാർക്കും സർവ്വകലാശാലയുമായി സർഗ്ഗാത്മകമായ ബന്ധം നിലനിർത്തി അതിന്റെ പ്രയോജനം വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭ്യമാക്കുക.ഇവയെല്ലാമാണ് ഉദ്ദേശിക്കുന്നത് |
| ഇ | സർവ്വകലാശാലക്കുള്ള യു.ജി.സി സഹായത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | ഇ | സർവ്വകലാശാലയ്ക്ക് പ്രാരംഭകാലത്ത് സംസ്ഥാന സർക്കാരിൽ നിന്ന് മാത്രമെ പ്രധാനമായും സാമ്പത്തിക സഹായം ലഭ്യമാവുകയുള്ളൂ. എങ്കിലും യു.ജി.സി യും മറ്റ് സ്രോതസ്സുകളിൽ നിന്നും പണം സ്വരൂപിക്കാൻ സർവകലാശാല നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ